**File No.TCPCTP/888/2019-C2**

# <u>മുഖ്യനഗരാസൂത്രകയുടെ നടപടി</u>

വിഷയം:- നഗര ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പാലക്കാട് ജില്ല- വടകരപ്പതി ഗ്രാമ പഞ്ചായത്ത്- സ്റ്റോൺ ക്രഷർ യൂണിറ്റ് കെട്ടിട നിർമ്മാണം- **ലേ-**ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം- പാലക്കാട് നഗരാസൂത്രകന്റെ 27/04/2019-ലെ സി/593/19 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/888/2019-C2 തീയതി: **28/06/2019**

---

പാലക്കാട് ജില്ലയിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് 26 ൽ റീസർവ്വേ നമ്പർ 253/2, 3, 4, 5, 10, 11, 12, 254/2, 3 ൽ ഉൾപ്പെട്ട 2.6183 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് I' ൽ പെടുന്ന സ്റ്റോൺ ക്രഷർ യൂണീറ്റ് നിർമ്മിക്കാനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്ത് പ്രകാരം ലഭ്യമാക്കിയ ശ്രീ.സിറാജ്ജുദ്ദീന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ

ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. പാലം നിർമ്മിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട അധികാരികളിൽനിന്നും വാങ്ങിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 48/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഗിരിജ.കെ.എസ്.
മുഖ്യനഗരാസൂത്രക

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
വടകരപ്പതി ഗ്രാമപഞ്ചായത്ത്.

പകർപ്പ്:-

1. സിറാജുദ്ദീൻ,
   മാനേജിങ് പാർട്ണർ,
   M/S പെട്രോ ബ്ലൂ മെറ്റൽസ്,
   മേനോൻപാറ, പാലക്കാട്.
2. നഗരാസൂത്രകൻ, പാലക്കാട്.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം • പിൻ-695 033 • തിരുവനന്തപുരം